"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ആശ്രമം മൈതാനത്ത് ആഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 20 വരെ നടക്കുന്ന ഓണം എക്സ്പോയ്ക്ക് വിനോദ നികുതി ഒഴിവാക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

I/7280935/2026 തീയതി,തിരുവനന്തപുരം, 11-08-2026

---

പരാമർശം:- യൂണിവേഴ്സൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ചെയർമാന്റെ 27.07.2026 ലെ 39/26 നമ്പർ കത്ത്

**ഉത്തരവ്**

യൂണിവേഴ്സൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയും, AZZ എന്ന സംഘടനയും ചേർന്ന് ഓണത്തിന്റെ ഭാഗമായി കൊല്ലം ആശ്രാമം മൈതാനത്ത് ആഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 20 വരെ നടത്തുന്ന ഓണം എക്സ്പോയ്ക്ക് വിനോദ നികുതി ഒഴിവാക്കി നൽകുവാൻ പരാമർശ പ്രകാരം യൂണിവേഴ്സൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ആശ്രമം മൈതാനത്ത് ആഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 20 വരെ നടക്കുന്ന ഓണം എക്സ്പോയ്ക്ക്, കുറവ് ചെയ്യപ്പെടുന്ന വിനോദ നികുതി ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രമായി ഉപയോഗപ്പെടുത്തണം എന്ന നിബന്ധനയിൽ, മുൻസിപ്പൽ കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി വിനോദ നികുതി ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, കൊല്ലം നഗരസഭ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (RC2/255/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Deepu B K
Date: 11-08-2026
14:23:29

സെക്ഷൻ ഓഫീസർ